025621

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡിൽ പുതുതായി അംഗത്വമെടുക്കുന്നവർക്ക് കുടിശ്ശിക ഒഴിവാക്കി കൊണ്ട് അംഗത്വം നേടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (സി) വകുപ്പ്**

സ.ഉ.(സാധാ.) നമ്പർ.266/2017/സഹ. തീയതി, തിരുവനന്തപുരം 23.05.2017.

---

പരാമർശം
1 കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡിന്റെ 27.12.2016-ലെ 7-ാം നമ്പർ തീരുമാനം
2 സഹകരണ സംഘം രജിസ്ട്രാറുടെ 28.02.2017-ലെ ഇ.എം (5)2870/17 നമ്പർ കത്ത്.
3 സഹകരണ സംഘം രജിസ്ട്രാറുടെ 09.05.2017-ലെ ഇ.എം (5)2870/17 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബോർഡിൽ പുതുതായി അംഗത്വമെടുക്കുന്നവർക്ക് കുടിശ്ശിക ഒഴിവാക്കി കൊണ്ട് അംഗത്വം നേടുന്നതിന് 6 മാസത്തേയ്ക്ക് സമയപരിധി നിശ്ചയിക്കുന്നതിനും ഇപ്രകാരം അംഗത്വം നേടുന്ന ജീവനക്കാർക്ക് അംഗത്വം ലഭിച്ച് 6 മാസം കഴിയുന്ന മുറയ്ക്ക് മാത്രമേ ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ക്ഷേമപദ്ധതികളിലെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി നിലവിലുള്ള ബോർഡ് ചട്ടങ്ങളിൽ ആവശ്യമായ ഇളവ് അനുവദിക്കുന്നതിന് പരാമർശം (1) തീരുമാനപ്രകാരം സഹകരണ സംഘം രജിസ്ട്രാർ മുഖേന അപേക്ഷിച്ചിരുന്നു.

വെൽഫെയർ ബോർഡിലെ അംഗത്വം സഹകരണ സംഘം ജീവനക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും വെൽഫെയർ ബോർഡ് ചട്ടപ്രകാരം സർവ്വീസിൽ പ്രവേശിക്കുന്ന തിയ്യതി മുതലാണ് നൽകേണ്ടതും , വിഹിതം അടയ്ക്കേണ്ടതും ആയതിനാൽ ജീവനക്കാർ കുടിശ്ശിക അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്.കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ 2000-ൽ അധികം വരുന്ന ജീവനക്കാരെ വെൽഫെയർ ബോർഡിൽ അംഗങ്ങളാക്കുന്നതിന് കുടിശ്ശിക ഒഴിവാക്കി കൊടുക്കണമെന്ന് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും അതുപോലെ വെൽഫെയർ ബോർഡിൽ അംഗത്വം സ്വീകരിക്കാതെ ധാരാളം സഹകരണ സംഘം ജീവനക്കാരുള്ളതിനാൽ അവർക്ക് കൂടി കുടിശ്ശിക കൂടാതെ ബോർഡിൽ അംഗത്വം സ്വീകരിക്കുന്നതിന് അവസരം നൽകിയാൽ ബോർഡിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ കഴിയുമെന്നും പരാമർശം (2) പ്രകാരം രജിസ്ട്രാർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ

ഭാഗമായി ബോർഡിൽ പുതുതായി അംഗത്വമെടുക്കുന്നവർക്ക് കുടിശ്ശിക ഒഴിവാക്കി കൊണ്ട് അംഗത്വം നേടുന്നതിന് 6 മാസത്തേയ്ക്ക് സമയപരിധി നിശ്ചയിക്കുന്നതിനും ഇപ്രകാരം അംഗത്വം നേടുന്ന ജീവനക്കാർക്ക് അംഗത്വം ലഭിച്ച് 6 മാസം കഴിയുന്ന മുറയ്ക്ക് മാത്രമേ ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ക്ഷേമപദ്ധതികളിലെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി നിലവിലുള്ള ബോർഡ് ചട്ടങ്ങളിൽ ആവശ്യമായ ഇളവ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണുഗോപാൽ . പി.
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:-

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം. ( എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും അറിയിപ്പ് നൽകുന്നതിലേക്കായി )
2. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി ,കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമബോർഡ്,ഓവർ ബ്രിഡ്ജ് ,തിരുവനന്തപുരം
3. സ്റ്റോക്ക് ഫയൽ .

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.